Page 1 of 2

അംഗീകൃത സർവ്വകലാശാലയിൽനിന്നുള്ള ബിരുദവും അല്ലെങ്കിൽ തത്തുല്യ യോഗ്യതയും അക്കൗണ്ട് ടെസ്റ്റ് (ലോവർ), സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ എന്നിവയുമാണ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിനുവേണ്ട യോഗ്യതകൾ. പൊതുഭരണ വകുപ്പിലെ താഴ്ന്നവിഭാഗം ജീവനക്കാരിൽനിന്നുമുള്ള യോഗ്യരായ ഉദ്യോഗസ്ഥരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചശേഷം മുൻഗണനാക്രമം അനുസരിച്ച് പ്രസിദ്ധീകരിച്ച പട്ടിക അനുബന്ധം 8 ആയി ചേർക്കുന്നു*.

സേവന അവകാശ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ

28 (4751) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2012 നവംബർ 1-ന് നിലവിൽ വന്ന സേവന അവകാശ നിയമം ഏതു വകുപ്പുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും ഇനി ഏതു വകുപ്പുകളിലാണ് ഈ നിയമം നടപ്പിലാക്കാനുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2012 നവംബർ 1-ന് നിലവിൽ വന്ന സേവനാവകാശ നിയമം 121 വകുപ്പുകൾ/സ്ഥാപനങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇനിയും നടപ്പിലാക്കാനുള്ള വകുപ്പുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത നിയമം നടപ്പിലാക്കിയ വകുപ്പുകളിൽ യഥാസമയം സേവനങ്ങൾ നൽകാത്തത് സംബന്ധിച്ച് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

&

(സി) സേവന അവകാശ നിയമപ്രകാരം യഥാസമയം സേവനം ലഭിക്കാത്തതിന് നാളിതുവരെ എത്ര സർക്കാർ ജീവനക്കാരിൽനിന്ന് പിഴ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഈ നിയമപ്രകാരമുള്ള അപ്പീൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ അത് വ്യക്തമാക്കാമോ?

ഉണ്ട്. സേവനാവകാശനിയമത്തിലെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പരിധിക്കുള്ളിൽ അപേക്ഷകന് സേവനം ലഭിച്ചില്ലെങ്കിൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥൻ, മതിയായതും യുക്തിസഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ചവരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് 250 രൂപ നിരക്കിൽ അതിന്റെ ആകെ തുക 5,000 രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ചവരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്ന പക്ഷം, അദ്ദേഹത്തിന് ഒന്നാം അപ്പീൽ അധികാരിക്കുമേൽ 500 രൂപയിൽ കുറയാത്തതും 5000 രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ നിയമ പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ചവരുത്തിയാൽ നിർദ്ദിഷ്ട ഓഫീസർക്കും ഒന്നാം അപ്പീൽ അധികാരിക്കുമെതിരെ നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശിപാർശ ചെയ്യാനും വ്യവസ്ഥയുണ്ട്.

(ഇ) പ്രസ്തുത നിയമം നടപ്പിലാക്കാത്ത വകുപ്പുകളിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് പറയുമോ?

വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഒൻപത് വർഷങ്ങൾക്കുശേഷവും നിയമം പൂർണ്ണതോതിൽ നടപ്പിലാക്കാൻ കഴിയാത്തതിലെ വീഴ്ചകൾ പരിശോധിക്കുമോ?

സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിന് ഭരണ പരിഷ്കാര കമ്മീഷൻ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

പൊതു സ്ഥലംമാറ്റം

29 (4753) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുകാരണം വിവിധ വകുപ്പുകളിൽ പൊതു സ്ഥലംമാറ്റം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ദീർഘകാലമായി അന്യജില്ലകളിൽ ജോലി നോക്കേണ്ടിവരുന്ന ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതു സ്ഥലംമാറ്റം നടക്കാത്തത് കാരണം നിലവിൽവരുന്ന ഒഴിവുകളിൽ അനർഹരായവർക്കും സീനിയോറിറ്റി മറികടന്നും സ്ഥലംമാറ്റം അനുവദിക്കുന്നതായുള്ള പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;